ആശുപത്രി ജീവനക്കാർക്കുള്ള റിസ്ക് അലവൻസ്

* 627 [669] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം തരം ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കാണ് റിസ്ക് അലവൻസ് നൽകി വരുന്നത്;

(ബി) ഏതേതു തരം ജീവനക്കാർക്ക് എന്തു തോതിലാണ് റിസ്ക് അലവൻസ് നൽകുന്നതെന്നു വ്യക്തമാക്കുമോ;

(സി) രോഗികളുമായി നിരന്തര സമ്പർക്കം ഉള്ളവരും രോഗികൾക്ക് ആവശ്യമായ എല്ലാ ശുശ്രൂഷകളും ചെയ്തുവരുന്നവരുമായ താഴ്ന്ന വരുമാനമുള്ള ജീവനക്കാരുടെ റിസ്ക് അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) സർക്കാരിന്റെ 16-12-1978-ലെ ശമ്പളപരിഷ്കാര ഉത്തരവ് ജി. ഒ. (പി.) 860/78-ലെ അനുബന്ധം 8-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആശുപത്രികളിലെ ജീവനക്കാർക്കാണിപ്പോൾ റിസ്ക് അലവൻസ് നൽകി വരുന്നത്.

(ബി) ഉദ്യോഗപ്പേരും റിസ്ക് അലവൻസിന്റെ തോതും ഉൾക്കൊള്ളുന്ന രേഖ മേശപ്പുറത്തു വെച്ചിട്ടുണ്ട്.†

(സി) ഇത്തരം ജീവനക്കാരുടെ റിസ്ക് അലവൻസ് ശമ്പളപരിഷ്കരണ ഉത്തരവുമൂലം അടുത്ത കാലത്ത് പരിഷ്കരിച്ചിട്ടുണ്ട്.

ഗവൺമെന്റ് ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയന്റെ ആവശ്യങ്ങൾ

* 628 [673] ശ്രീ. പി. ആർ. ശിവൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ ഗവൺമെന്റ് മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഗവൺമെന്റ് ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ 5-1-1978-ൽ ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

(1) നിർത്തിവച്ച സീനിയോറിറ്റി പ്രമോഷൻ വീണ്ടും അനുവദിക്കുക.

(2) രോഗികളുടെ ആനുപാതിക ക്രമമനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക.

(3) റിസ്ക് അലവൻസ് അനുവദിക്കുക.

(4) ജീവനക്കാർക്ക് അടിയന്തിരമായി ക്വാർട്ടേഴ്സ് നിർമ്മിക്കുക.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(5) ഹെഡ് നേഴ്സ് അസിസ്റ്റന്റ് തസ്തിക അനുവദിക്കുക.

(6) പ്രമോഷൻ തസ്തികകൾക്ക് നേരിട്ട് നിയമനം അവസാനിപ്പിക്കുക- അർഹതപ്പെട്ടവർക്ക് പ്രമോഷൻ അനുവദിക്കുക.

(7) പ്രമോഷൻ സാദ്ധ്യത ഇല്ലാത്ത ജീവനക്കാർക്ക് ഗ്രേഡും തസ്തികമാറ്റവും അനുവദിക്കുക.

(8) ജോലി സമയം 8 മണിക്കൂറായി നിശ്ചയിക്കുക.

(9) പ്രൊവിഷണൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുക. പാർട്ട് ടൈം ജീവനക്കാർക്ക് പ്രമോഷൻ നൽകുക.

(10) ജീവനക്കാരെയും ആശ്രിതരെയും പരിഗണിക്കുക.

(ബി) ഈ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് 5-3-1979-ൽ മേൽപ്പറഞ്ഞ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി കൊണ്ട് ഒരു വിപുലമായ കോൺഫറൻസ് വിളിച്ചു കൂട്ടുകയുണ്ടായി. പ്രസ്തുത കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളുടെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഗ്രൗണ്ട് വാട്ടർ വകുപ്പ്

* 629 [674] ശ്രീ. കെ. വി. കുര്യൻ:

,, വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഡിവിഷനൽ ഓഫീസുകൾ തുറക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ഡിപ്പാർട്ടുമെന്റ് വികസിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്ബ്): (എ), (ബി) ഇക്കാര്യത്തിൽ ചീഫ് ഹൈഡ്രോ ജിയോളജിസ്റ്റിൽ നിന്നും കിട്ടിയിട്ടുള്ള ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

ആശുപത്രികളിലുള്ള കിടക്കകൾ

* 630 [675] ശ്രീ. ത്യാഗരാജൻ:

,, എ. പി. താമരാക്ഷൻ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലുമായി 1978 മാർച്ച് 31 വരെ എത്ര കിടക്കകൾ ഉണ്ടായിരുന്നു;

(ബി) ഈ സാമ്പത്തിക വർഷം എത്ര കിടക്കകൾ കൂടുതലായി അനുവദിച്ചു?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[ചോദ്യം *628 (673) കാണുക]

കേരളാ ഗവൺമെൻറ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ, ഗവൺമെൻറ് ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ, കേരളാ ഹോസ്പിറ്റൽ നേഴ്സിംഗ് അസിസ്റ്റൻറ്സ്, അറ്റൻറേഴ്സ് അസോസിയേഷൻ എന്നീ സംഘടനാ ഭാരവാഹികളുമായി ആരോഗ്യവകുപ്പു മന്ത്രി 5-3-1979-ൽ നടത്തിയ ചർച്ചകളുടെ സംഗ്രഹം.

മേൽ പറഞ്ഞ സംഘടനകളും ഗവൺമെൻറിനു സമർപ്പിച്ചിരുന്ന നിവേദനങ്ങളിലെ പ്രധാനപ്പെട്ട വിഷയങ്ങളും ചർച്ചാ വിധേയമായി. ചർച്ചകളിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ഇതോടനുബന്ധമായി ചേർത്തിട്ടുണ്ട്. ആമുഖമായി ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ശമ്പളക്കമ്മീഷൻ മുമ്പാകെ വന്നതും ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതുമായ വിഷയങ്ങളെ പരാമർശിക്കുകയുണ്ടായി. ശമ്പളപരിഷ്കാരവും അതിനോടു ബന്ധപ്പെട്ട മറ്റുകാര്യങ്ങളും ഒരു കമ്മീഷൻ പരിഗണിക്കുകയും അതിൻമേൽ ഗവൺമെൻറ് ഉത്തരവുകളും പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യത്തിൽ സംഘടനകൾ ഉന്നയിച്ചിട്ടുള്ള അത്തരം ആവശ്യങ്ങൾ ഈ വേദിയിൽ ചർച്ച ചെയ്യുന്നത് അനുചിതമായിരിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രധാനപ്പെട്ട മറ്റു പ്രശ്നങ്ങളെ സംബന്ധിച്ച് താഴെപറയും പ്രകാരം തീരുമാനങ്ങളെടുത്തു.

1. വിദ്യാഭ്യാസ യോഗ്യത നോക്കാതെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് അസിസ്റ്റൻറുമാരായി പ്രൊമോഷൻ വേണമെന്നുള്ള എംപ്ലോയീസ് അസോസിയേഷൻറെയും വർക്കേഴ്സ് യൂണിയൻറെയും ആവശ്യം പ്രതിനിധികൾ ഉന്നയിച്ചു. എന്നാൽ നേഴ്സിംഗ് അസിസ്റ്റൻറുമാരുടേയും അറ്റൻറർമാരുടെയും സംഘടന ഈ പ്രശ്നത്തിൽ എതിരഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. ആരോഗ്യവകുപ്പു സെക്രട്ടറി പ്രശ്നത്തിൻറെ എല്ലാ വശങ്ങളും വിവരിക്കുകയുണ്ടായി. ജോലി സ്വഭാവം അനുസരിച്ച് വിദ്യാഭ്യാസ യോഗ്യത ആവശ്യമില്ലെന്നു ആരോഗ്യവകുപ്പിനു തോന്നുകയാണെങ്കിൽ ഇക്കാര്യത്തിൽ വേണ്ടത് ചെയ്യാമെന്ന് നിർദ്ദേശിക്കപ്പെട്ടു. ഇക്കാര്യത്തിലും യോജിച്ച അഭിപ്രായങ്ങളല്ല പ്രദർശിപ്പിക്കപ്പെട്ടത്. പക്ഷെ അതേസമയം തന്നെ ചില നിബന്ധനകൾക്കു വിധേയമായി 13-12-1973 വരെ നിലവിലുണ്ടായിരുന്ന ഉത്തരവിൻറെ ആനുകൂല്യം അക്കാലത്ത് സർവ്വീസിലുണ്ടായിരുന്ന വർക്കെല്ലാം ലഭ്യമാക്കണമെന്ന് വാദിക്കുകയുണ്ടായി. പ്രശ്നത്തിൻറെ എല്ലാ വശങ്ങളും പരിഗണിച്ച് ഗവൺമെൻറ് ഇക്കാര്യത്തിൽ ഒരു തീർപ്പ് കഴിയുന്നത്ര വേഗത്തിൽ എടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി.

2. പിന്നീട് പ്രൊവിഷണൽ (താൽക്കാലിക) നിയമനക്കാരുടെ പ്രശ്നം പരിഗണനയ്ക്കു വന്നു. വ്യത്യസ്തമായ അഭിപ്രായങ്ങളും വാദഗതികളും പ്രതിനിധികൾ ഉന്നയിക്കുകയുണ്ടായി. ജനറൽ അഡ്മിനിസ്ട്രേഷനിലെ അണ്ടർസെക്രട്ടറി ശ്രീ. അച്യുതൻ നായർ ഈ പ്രശ്നത്തിൻറെ നാനാ വശങ്ങളെപ്പറ്റി വിശദീകരണം നൽകുകയുണ്ടായി. വിശദീകരണങ്ങളുടെയും വാദഗതികളുടെയും വെളിച്ചത്തിൽ ഇത്തരം ജീവനക്കാരെ 17-1-1974 മുതൽ റഗുലറൈസ് ചെയ്യാൻ പറ്റുമോയെന്നു ആലോചിക്കേണ്ടതാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. പക്ഷെ ഇങ്ങനെ ചെയ്യുമ്പോഴും ഇപ്പോഴും ഉയർന്ന തസ്തികകളിൽ ജോലി നോക്കുന്ന ആളുകൾക്ക് ദ്രോഹം സംഭവിക്കാതെ നോക്കേണ്ടതാണെന്നും നിർദ്ദേശിക്കപ്പെട്ടു.

3. നഴ്സിംഗ് അസിസ്റ്റന്റുമാർക്കു നൽകിയിരുന്ന ഉയർന്ന തസ്തികയെപ്പറ്റി പിന്നീട് ചർച്ച നടന്നു. നഴ്സിംഗ് അസിസ്റ്റന്റുമാരുടെ സംഘടന അവരുടെ വളരെക്കാലത്തെ പരിശ്രമഫലമായി സിദ്ധിച്ച ഒരാനുകൂല്യം ഗവൺമെന്റ് എടുത്തുകളഞ്ഞതിൽ അവർക്കുള്ള ഖേദം പ്രകടിപ്പിക്കുകയും തുടർന്നുള്ള ആനുകൂല്യം നൽകണമെന്ന് ശക്തിയായി വാദിക്കുകയും ചെയ്തു. നിർത്തിവെച്ച ആനുകൂല്യങ്ങളും വീണ്ടും തുടർന്നുകൊടുക്കാൻ തക്കതായ (നിയമപരമായ തടസ്സങ്ങളും ഇല്ലെങ്കിൽ) നടപടികളും സ്വീകരിക്കാവുന്നതാണെന്നു തീരുമാനിക്കപ്പെട്ടു.

4. കോമ്പൗണ്ടേഴ്സിന്റെ ലീവ്, വീക്കിലി ഓഫ് എന്നീ പ്രശ്നങ്ങളും ചർച്ചാ വിധേയമായി. ഇക്കാര്യത്തിൽ കൂടുതൽ ഉദ്യോഗസ്ഥൻമാരില്ലാത്തതും പൊതുജനങ്ങൾക്ക് അസൗകര്യമില്ലാതെയും ഉള്ള പ്രായോഗിക പരിപാടികളും പരിശോധിച്ച് തക്കതായ നടപടികളും സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിക്കപ്പെട്ടു.

പിന്നീട് ജീവനക്കാരെ പൊതുവായി സ്പർശിക്കുന്ന പല കാര്യങ്ങളും ചർച്ച ചെയ്യുകയുണ്ടായി. യൂണിഫോറം പല ജില്ലകളിലും ഇതുവരെയും നൽകിയിട്ടില്ലെന്നു പരാതിയുണ്ടായി. ഇക്കാര്യം ഡി. എച്ച്. എസ്. പരിശോധിക്കേണ്ടതാണെന്ന് തീരുമാനിച്ചു. പരാതികളും ശരിയാണെങ്കിൽ ഉടൻ തന്നെ പരിഹാരനടപടികളും സ്വീകരിക്കേണ്ടതാണ്. മുൻ കോൺഫറൻസിൽ തീരുമാനിച്ച ഒരു കാര്യത്തെപ്പറ്റി നഴ്സിംഗ് അസിസ്റ്റന്റ് പ്രതിനിധികളും പരാമർശിക്കുകയുണ്ടായി. സീനിയോരിറ്റി ലിസ്റ്റ് 1973-നു ശേഷം പ്രസിദ്ധീകരിച്ചിട്ടില്ലെന്നും അത് ഉടനെ പ്രസിദ്ധീകരിക്കാമെന്ന് മുമ്പുതന്നെ തീരുമാനിച്ചിരുന്നതാണെങ്കിലും നാളിതുവരെ ഒന്നോ രണ്ടോ ഡി. എം. ഒ. മാർ ഒഴിച്ച് ആരും അങ്ങനെ ചെയ്തിട്ടില്ലെന്ന് പരാതിപ്പെട്ടു. ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടെന്ന് ഡി. എച്ച്. എസ്. പറയുകയുണ്ടായി. എന്തായാലും അപ്രകാരമുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത ജില്ലകളിൽ അത് ഉടൻ പ്രസിദ്ധീകരിക്കാൻ വേണ്ട നടപടികളും ഡിപ്പാർട്ടുമെന്റ് സ്വീകരിക്കേണ്ടതാണ്.

മരിച്ച ജീവനക്കാരുടെ ആശ്രിതർക്ക് പലപ്പോഴും പാർട്ട് ടൈം ജോലിയാണ് നൽകുന്നതെന്നും ഇത്തരം കേസുകളിൽ ചുരുങ്ങിയത് ഒരു ഫുൾ ടൈം തസ്തികയെങ്കിലും കൊടുക്കേണ്ടതാണെന്നും കോൺഫറൻസിൽ പങ്കെടുത്തിരുന്ന പ്രതിനിധികളും ഏകസ്വരത്തിൽ ആവശ്യപ്പെട്ടു. എന്നാൽ ഇങ്ങനെ ചെയ്യാനുള്ള പ്രായോഗിക വിഷമതകളും ഡി. എച്ച്. എസ്. ചൂണ്ടിക്കാണിച്ചു. ഏതായാലും ആരോഗ്യവകുപ്പിൽ ജോലിയിലിരുന്നു മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതരിൽനിന്നു ഉദ്യോഗത്തിനുള്ള അപേക്ഷകളും പരിഗണിക്കുമ്പോൾ മേൽപറഞ്ഞ നിർദ്ദേശവും യഥാവിധി പരിഗണിക്കാൻ തീരുമാനിച്ചു.

പിന്നീട് പൊതുവായ ചില പ്രശ്നങ്ങളും ചർച്ച ചെയ്തതിനു ശേഷം കോൺഫറൻസ് രാത്രി 9-30ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചകളിൽ പങ്കെടുത്തവരുടെ ലിസ്റ്റ്

1. ശ്രീ. റവ. ആർ. രാജഗോപാലൻ, പ്രസിഡൻറ്, ഗവൺമെൻറ് ഹോസ്പിറ്റൽ വർക്കേഴ്സ് യൂണിയൻ.
2. ,, വി. ചാത്തുണ്ണി, ജനറൽ സെക്രട്ടറി ,,
3. ,, എ. മരിയദാസ്, ഓഫീസ് സെക്രട്ടറി, ,,
4. ,, പി. എസ്. ഡാനിയൽ, സെക്രട്ടറി, ,,
5. ,, എ. അപ്പുക്കുട്ടൻ, ഡിസ്ട്രിക്റ്റ് സെക്രട്ടറി, ,,
6. ,, പി. ലോഹിതാക്ഷൻ, പ്രസിഡൻറ്, കേരളാ ഗവൺമെൻറ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ,
7. ,, കെ. എസ്. അരവിന്ദാക്ഷൻ, ഓർഗനൈസിംഗ് സെക്രട്ടറി, കേരളാ ഗവൺമെൻറ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ.
8. ,, റവ. പി. ആൻറണി, ,, എറണാകുളം
9. ,, കെ. എസ്. പ്രഭാകരൻ, ,, എറണാകുളം.
10. ,, റവ. എഡിസൺ, ട്രഷറർ ,,
11. ,, വി. തോമസ് ,, തിരുവനന്തപുരം.
12. ,, എ. അബ്ദുള്ള, പ്രസിഡൻറ്, ടി കേരളാ ഹോസ്പിറ്റൽ നേഴ്സിംഗ് അസിസ്റ്റൻറ് ആൻറ് അദറൻേഴ്സ് അസോസിയേഷൻ
13. ,, സുകുമാരൻ നായർ, ജനറൽ സെക്രട്ടറി ,,
14. ,, എം. കോശി, വൈസ് ചെയർമാൻ ,,
15. ,, കെ. കൊച്ചുരാമൻ, ട്രഷറർ ,,
16. ,, എഫ്. ബനാബെഞ്ചൻ, വൈസ് പ്രസിഡൻറ് ,,
17. ,, എം. എ. ബാഖർ, എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ ,,
18. ,, സി. എൻ. ഗോപി ,,
19. ,, പി. കെ. കരുണൻ ,,

LIBRARY ARCHIVES Kerala Legislative Assembly